SANTHA.V.R. SUKUMARAN




മലയാളം പാട്ടുപുസ്തകം

148

# പ്രേതങ്ങളുടെ താഴ്‌വര

**നടന്മാർ**

രാഘവൻ, തിക്കുറിശി, അടൂർഭാസി, ബഹദൂർ
ജോസ് പ്രകാശ്, മുത്തയ്യ, തൃശ്ശൂർ രാജൻ, ഹരി,
മണ്ഡേരി, ചന്ദ്രൻ, ഗോപി, കെ. വി. ഓട്ടുപാറ.
പറവണ്ണ, അബ്ദുറഹിമാൻ, സുകുമാരൻ

**നടികൾ**

വിജയശ്രീ, ശ്രീലേഖ (പുതുമുഖം) ശ്രീലത,
രാധാമണി, പാലാതങ്കം, സരസ്വതി.

**പാടിയവർ**

യേശുദാസ്, ജയചന്ദ്രൻ, പി. ബി. ശ്രീനിവാസ്
മാധുരി, സതി,

## സാങ്കേതിക വിദഗ്ദ്ധർ

| | |
|---|---|
| ഗാനങ്ങൾ | ശ്രീകുമാരൻതമ്പി |
| സംഗീതം | ദേവരാജൻ |
| നൃത്തം | ഇ. മാധവൻ |
| സ്റ്റണ്ട് | അപ്പു |
| കല | കെ. ബാലൻ |
| മേക്കപ്പ് | കെ. വി. സി. ബോസ് |
| വസ്ത്രാലങ്കാരം | ഗണേശൻ |
| പബ്ലിസിറ്റി ആർട്ട് | സലാം |
| ചിത്രസംയോജനം | കല്യാണസുന്ദരം |
| ഛായാഗ്രഹണം | വിപിൻദാസ് |
| എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ | സുകു |
| വിതരണം | വിമലാ ഫിലിംസ് |
| കഥ, സംഭാഷണം, നിർമ്മാണം സംവിധാനം | വേണു |

ഈ ചിത്രത്തിലെ ഗാനങ്ങൾ പോളിഡോർ റെക്കാർഡുകളിൽ കേൾക്കുക.

# പ്രേതങ്ങളുടെ താഴ്‌വര

കേരംക്കമ്പോരം പേടി തോന്നുന്നുണ്ടാകും. ശരിയാണു്. ആ താഴ്‌വരയുടെ സമീപത്തുകൂടി പോലും നടക്കാൻ ജനങ്ങരംക്കു് ഭയമാണു്. അർദ്ധരാത്രിയുടെ നിതാന്ത നിശബ്ദതയിൽ പാലപ്പൂവിൻെറ സുഗന്ധം നിറഞ്ഞു നിൽക്കുന്ന മങ്ങിയ നിലാവുള്ള രാത്രികളിൽ അഴിച്ചിട്ട തലമുടിയും, ജ്വലിക്കുന്ന കണ്ണുകളും, വെളുത്ത വസ്ത്രധാരിയുമായ പ്രേതം പാട്ടുപാടി ആ താഴ്‌വരയിൽ അലഞ്ഞുനടക്കുന്നതുകണ്ടു് ഭയപ്പെട്ട അനവധി ജനങ്ങളുണ്ടു് ആ താഴ്‌വരയിലും പരിസരത്തുമുള്ള മധുരപ്പതിനേഴുകാരികളെ കാണാതാകുന്നതു് ഈ പ്രേതം കൊണ്ടുപോയി രക്തംകുടിച്ചു് കൊന്നുകളയുന്നു എന്നായിരുന്നു ജനങ്ങളുടെ ധാരണ ഭയന്നു വിറച്ചു കഴിഞ്ഞിരുന്ന ആ പ്രദേശവാസികരംക്കു് ആശ്വാസം നൽകാനായി നമ്മുടെ കുററാന്വേഷണവകുപ്പും സർക്കാരും ഒട്ടേറെ ശ്രമങ്ങരം നടത്തി. ഒന്നും ഫലിച്ചില്ല. ഒടുവിൽ കേന്ദ്ര കുററാന്വേഷണവകുപ്പും സർക്കാരും ഒട്ടേറെ ശ്രമങ്ങരം നടത്തി. ഒന്നും ഫലിച്ചില്ല. ഒടുവിൽ കേന്ദ്ര കുററാന്വേഷണവകുപ്പിൻെറ സഹായം അവർ ആവശ്യപ്പെടുന്നു. സാധാരണയായി കേന്ദ്രത്തിൽനിന്നും കുററാന്വേഷണങ്ങരംക്കായി കേരളത്തിൽ വന്നുകൊണ്ടിരുന്ന സി. ഐ ഡി. നസീർ ഉപരിപഠനാർത്ഥം സ്കോട്ട്ലൻഡ്‌യാർഡിലേക്കു് പോയതുകൊണ്ടു്, അദ്ദേഹത്തെപ്പോലെതന്നെ ശക്തനും, സമർത്ഥനും സാഹസികനുമായ സി, ഐ. ഡി. ആനന്ദിനെ കേന്ദ്രം കേരളത്തിലേക്കു് അയക്കുന്നു.

ഇടിമിന്നലും, കൊടുങ്കാററു, പേമാരിയുമുള്ള ഭയാനകരാത്രി. കടപുഴകി വീഴാൻപോകുന്ന വൻമരങ്ങരംക്കി

ടയിലുള്ള കാട്ടുപാതയിലൂടെ സി. ഐ. ഡി. ആനന്ദി ന്റെ കാർ താഴ്വരയെ സമീപിച്ചുകൊണ്ടിരിക്കുമ്പോഴ് പേടിത്തൊണ്ടനായ ഡ്റൈവർ ഹൈദരാലി ആദ്യം അ വളെ കണ്ടു. കാട്ടുപാതയിലെ പാലമരച്ചുവട്ടിൽ മഴ ന നഞ്ഞു നിൽക്കുന്ന വെളുവെളുത്ത നൈലക്സ് സാരിയ ണിഞ്ഞ സുന്ദരിയായപെൺകുട്ടിയെ. ഹൈദരാലി കാർ നിർത്തി ഭയന്നു കരഞ്ഞു. സി. ഐ. ഡി. ആനന്ദ് കാ റിൽനിന്നും ചീടിയിറങ്ങി. അവളെ പിൻതുടർന്നു, പിടി കിട്ടിതെ നിരാശനായി മടങ്ങിയ സി, ഐ. ഡി. ആന ന്ദ് ഭയന്നുവിറച്ച ഹൈദരാലിക്കും, സിക്രട്ടറി നീതക്കും ധൈര്യം പകർന്നുകൊണ്ടു് ഭീകരമായ ആ പഴയ ബം ഗ്ളാവിൽ ചെന്നുകയറി.

ശങ്കരൻനായരെന്ന രൂക്ഷതതോന്നിക്കുന്ന വൃദ്ധൻ അവരുടെ വരവുംകാത്തു് ബംഗ്ളാവിൽതന്നെയുണ്ടായി രുന്നു, കുശലപ്രശ്നങ്ങൾകൊണ്ടു് ഭീകരമായ ആ രാ ത്രി കഴിഞ്ഞുപോയി.

അടുത്തദിവസം രാവിലെ പ്രഭാതഭക്ഷണം കഴി ച്ചുകൊണ്ടിരുന്ന സി, ഐ, ഡി. ആനന്ദിന്റെയും നീത യുടെയും ചെവിയിൽ ഒരു ചിലങ്കയുടെ ശബ്ദം അലയ ടിച്ചു. അവർ തിരിഞ്ഞുനോക്കി. എന്തു്? അവർ അത്ഭു തപ്പെട്ടു! തലേദിവസം രാത്രി ഇടിമിന്നലിന്റെ വെളി ച്ചത്തിൽ കണ്ട അതേ പെൺകുട്ടി! അവൾ നടന്നുനടന്നു് അവർ ഇരിക്കുന്നിടത്തേക്കു് എത്തി.

'എന്താ ഈ പെൺകുട്ടി?' സി. ഐ. ഡി. ആന ന്ദ് ചോദിച്ചു.

'എന്റെ പെങ്ങളുടെ മകളാ പേരു് ബിന്ദു' ശങ്കരൻ നായർ പറഞ്ഞു,

V.R. Santha
Velukodathu

സമർത്ഥനായ ആ കുററാന്വേഷകന്റെ മനസ്സിൽ ഒരു ചോദ്യമുയർന്നു. തലേദിവസം രാത്രി കാട്ടിൽവച്ചു കണ്ടതും ഇവളെത്തന്നെയല്ലേ? ആനന്ദ് ഈ ചോദ്യം പുറത്തേക്കെറിഞ്ഞില്ല. ഉത്തരം സ്വയം കണ്ടെത്താൻ ശ്രമിച്ചു. ഈ ശ്രമത്തിന്റെ സാഹസികമായ സംരംഭമാണ് „പ്രേതങ്ങളുടെ താഴ്‌വര" എന്ന കാൽപ്പനിക കാവ്യത്തിലെ കോരിത്തരിപ്പുണ്ടാക്കുന്ന ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾക്കെല്ലാം കാരണം.

ഹിപ്പിവേഷധാരികളായ ദാസിയും ശ്രീലതയും സ്ഥലത്തെത്തി — അതോടെ സംഭവങ്ങൾക്ക് പിരിമുറുക്കം കൂടി.

അടുത്ത താഴ്‌വരയിലെ മനോഹരമായ ബംഗ്ളാവിൽ താമസിക്കുന്ന ആർ. പി. പിള്ള എന്ന നല്ല മനുഷ്യൻ, അയാളുടെ സുന്ദരിയായ മകൾ സിന്ധു, സിന്ധുവിന്റെ ഭാവി വരനാകാൻ മോഹിച്ചു നടക്കുന്ന പ്രകാശ് ബംഗ്ളാവ് തോട്ടം കാവൽക്കാരനായ മമ്മൂട്ടി, മമ്മൂട്ടിയുടെ സുന്ദരിയായ മകൾ ആമിന ഇവരൊക്കെ സി. ഐ. ഡി. ആനന്ദിന്റെ മനസ്സിനെ ചവിട്ടിമെതിച്ച് ബംഗ്ളാവ് കാവൽക്കാരനായ ശങ്കരൻനായരെന്ന ഭീകരനായ വൃദ്ധനെ കണ്ടാൽ ഭയന്നു കരയുന്ന നീത എന്ന പെൺകുട്ടി പറഞ്ഞു—നമുക്ക് ഈ താഴ്‌വരയിൽനിന്നു തിരിച്ചുപോകാം. ഇതു് പ്രേതങ്ങൾ അലയുന്ന താഴ്‌വര ആണു്.

സഹപ്രവർത്തകരായ ദാസിയും ശ്രീലതയും പേടിത്തൊണ്ടനായ ഹൈദരാലിയും അതുപറഞ്ഞു, പക്ഷെ, ധീരനും, സാഹസികനുമായ സി. ഐ. ഡി. ആനന്ദ് പിൻവാങ്ങിയില്ല. അവസാനം പ്രേതഭൂതാദികളിൽ അവിശ്വാസിയായിരുന്ന ആനന്ദ് എല്ലാം നേരിൽ കണ്ടു. എഴുതിയാൽ അതിന്റെ ഭീകരത നിങ്ങൾക്ക മനസ്സിലാകില്ല. അതുകൊണ്ടു് നേരിൽ കാണുക.

# പ്രേതങ്ങളുടെ താഴ്‌വര

## ഗാനം 1

പാടിയതു് — യേശുദാസ്

കല്ലോലിനിയുടെ കരയിൽ
കല്പപാദപത്തണലിൽ
കാമ്യകാമനാമലർച്ചെടി പോലൊരു
കാർമുകിലൊളിവേണി നിന്നു. (കല്ലോലി)

കൃഷ്ണകമലപ്പൂവുകൾ പോലെ
പുഷ്പിണിയവളുടെ പൂമിഴികൾ
കലഹിച്ചെത്തീ കരിവണ്ടുകളാ
കമനീയതയുടെ കുളിർ നുകരാൻ
ഒരു കരിവണ്ടായ് പറന്നെങ്കിൽ — ഞാൻ
ഓരിതളിമയിൽ മുകർന്നെങ്കിൽ (കല്ലോലിനി)

വെണ്ണിലാവിൻ പൊൻപാളിപോലെ
പൂമേനിയണിയും ലോലാംബരം
പൂവിളം കാററതിലുമ്മവച്ചുലഞ്ഞു
പൊൻവെയിലലയും പൂനിലാവായ്
ഒരു കുളിർകാററായ് ഒഴുകിയെങ്കിൽ — ഞാൻ
ഒരു ചുംബനമതിൽ പകർന്നെങ്കിൽ (കല്ലോലി)

## ഗാനം 2

പാടിയത് — ജയചന്ദ്രൻ

മലയാളഭാഷതൻ മാദകഭംഗിനിൻ
മലർമന്ദഹാസമായ് വിരിയുന്നു
കിളികൊഞ്ചും നാടിൻെറ ഗ്രാമീണശൈലിനിൻ
പുളിയിലക്കരമുണ്ടിൽ തെളിയുന്നു
(മലയാള....)

കളമൊഴീ നീ പൊട്ടിച്ചിരിക്കുന്നനേരത്ത്
കൈകൊട്ടിക്കളിത്താളം മുഴങ്ങുന്നു
പരിഭവം പറഞ്ഞുനീ പിണങ്ങുമ്പോൾ അക്കിളിതൻ
കുരുവിതൻ പളുങ്കണിയൊച്ചഞാൻ കേൾക്കുന്നു
(മലയാള )

മയിൽപ്പീലി കണ്ണുകളിൽ മാരൻെറ ശരങ്ങളിൽ
മാനത്തിൽ മായാനിറം മലരുന്നു
അരയന്നപ്പിടപോൽ നീയൊഴുകുമ്പോൾ അഷ്ടപതി
അഷ്ടപതി മധുരവർണ്ണനെഞ്ചിൽ നിറയുന്നു
(മലയാള....)

## ഗാനം 3

പാടിയത് — മാധുരി

ആതിരേ, തിരുവാതിരേ
ആകാശ ദുർഗ്ഗങ്ങൾക്കരികെ
ആ വർണ്ണതീരങ്ങൾക്കരികെ
ആർക്കുവേണ്ടി വിടർന്നു നീ
വിടർന്നു നീ
(ആതിരെ...)

നിറഞ്ഞ. പൌർണ്ണമി പുണർന്ന ലജ്ജയിൽ
മയങ്ങിവീഴും നിഴലിൽ
ഇലഞ്ഞിപ്പൂമണം നുകർന്ന ലഹരിയിൽ
തളർന്നുവീഴും കാററിൽ
ആർക്കുവേണ്ടി ഉണർന്നിരുന്നു?

(ആതിരേ....)

ഇളങ്കോടയിൽ സുഗന്ധമേനികൾ
പുണർന്നുവീഴും യാമം
തരംഗംഗങ്ങൾ തരളചിന്തകൾ
തുളുമ്പി നീന്തും യാമം
ആർക്കുവേണ്ടിയൊരുങ്ങി നിന്നു — ഞാൻ
ആർക്കുവേണ്ടി ഉണർന്നിരുന്നു

(ആതിരേ...)

## ഗാനം 4

പാടിയതു് — മാധുരി

സുപ്രഭാതമായി സുമകന്യകേ
സുഷുപ്തിയിൽ നിന്നുണരൂ
സ്വർണ്ണരംഗമണിദീപമുയർന്നു
സുധാമായി നീയുണരൂ

(സുപ്രഭാത....)

പുൽക്കൊടിത്തുമ്പിൽ പൂവിട്ടുനിൽക്കും
പുലരിച്ചെപ്പിലെ മണിരത്നമേ

പുണരും കതിരിന്റെ പുളകംപകരും
പുണ്യതുഷാരമേ മിന്നിനിൽക്കൂ
(സുപ്രഭാത... )

അംബരചിത്രം പ്രതിഫലിപ്പിക്കും
അംബുജ ചാപിതൻ അന്തരംഗം
ഇന്ദീവരമേ നീ മാറിലണയൂ
ഈയുന്മാദത്തിൻ ഹർഷലഹരി
(സുപ്രഭാത.. )

## ഗാനം 5

പാടിയത് – യേശുദാസ്

രാഗതരംഗിണി നീയണയുമ്പോൾ
രാധാ മാധവ സ്മൃതിയുണരും
ഞാനറിയാതെൻ പ്രാണനാളികയൊരു
വേണുവായ് മാറും – കനക
വേണുവായ് മാറും
(രാഗതരംഗിണി)

ഹൃദയമുരളിയിൽ രാധിക നീയൊരു
മദനമനോഹരരാഗമായി
ഓരോ ചുംബനവർണ്ണങ്ങളിലും
ലയവൃന്ദാവനമലരൊളിയായ്
മലരൊളിയായ്......ഒളിയായ്....
(രാഗതരംഗിണി)

കവനയമുനയിൽ കാമിനി നീനവ –
മാരകാകളി കേളിയാടി
ഓരോ സങ്കൽപ്പനൂപുരമണിയിലും
രൂപകഭാവനനൃത്തമാടീ
നൃത്തമാടീ (രാഗതരംഗിണി)

## ഗാനം 6

പാടിയവർ – സതി, പി. ബി. ശ്രീനിവാസ്

F മുത്തു മഹബൂബെ, മുത്തു മഹബൂബെ
കാത്തു കാത്തു തളർന്നു ഞാൻ മുത്തുമുഹബൂബെ

M ഖൽസിന്റെ ഖൽബിലു് കാന്താരിമുളകുകണ്ടപ്പോ ഠം
ഉടലാകെ കോരിത്തരിപ്പു്
ഖവ്വാലി പാടുമ്പോഠം കളിയാട്ടം തുള്ളുന്ന
കസ്തൂരിമണമുള്ള പെണ്ണേ
ചെപ്പു കിലുക്കീട്ടു് ശിങ്കാരം കാട്ടീട്ടു്
കുപ്പീലിറക്കീ നീപെണ്ണേ – ഞമ്മളെ
കുപ്പീലിറക്കീ നീ പെണ്ണേ

F മുത്തു മഹബൂബെ........

... .... .... ....

M പാലിന്റെ മണമുള്ള പതിനേഴാം വയസു്
പാസിന്റെ വിഷമുള്ള പതിനേഴാം വയസു്
പതിനേഴാം കട്‌വത്തു് കുത്തിയിരിക്കണെ
പാവാട ഹാഫ്സാരിപെണ്ണേ
പരൽമിഴി കാട്ടീട്ടു് പാൽപ്പുരിരി കാട്ടീട്ടു്
പാട്ടത്തിനെടുത്തു നീപെണ്ണേ – ഞമ്മളെ
പാട്ടത്തിനെടുത്തു നീ പെണ്ണേ –

F മുത്തുമുഹബൂബെ...മുത്തു മുഹബൂബെ
കാത്തുകാത്തു തളർന്ന ഞാൻ മുത്തുമുഹബൂബെ

## 73 ഒക്ടോബർ 25 മുതൽ

ആഹ്ളാദപീത്രയുടെ

# പൊയ്മുഖങ്ങൾ



നസീർ, ഭാസി, ബഹദൂർ, ജയഭാരതി,
ശ്രീലത തുടങ്ങിയവർ അഭിനയിച്ചത്

ASSOCIATED PRINTERS, KOTTAYAM.